**2023 ഫെബ്രുവരി 20 ന് വൈകിട്ട് 4.00 ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന കിലയുടെ ഇരുപത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്**

**ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)**

| | | | |
|---|---|---|---|
| 1. | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>അഡീഷണൽ ചീഫ് സെക്രട്ടറി<br>തദ്ദേശ സ്വയംഭരണ വകുപ്പ് | : | ചെയർപേഴ്സൺ |
| 2. | ശ്രീ.ജി.കൃഷ്ണകുമാർ<br>ജോയിന്റ് ഡയറക്ടർ, തദ്ദേശ ഭരണം<br>പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (പ്രതിനിധി) | | മെമ്പർ |
| 3. | ശ്രീ.എം.പി.അജിത്കുമാർ<br>അഡീഷണൽ ഡയറക്ടർ<br>തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) പ്രതിനിധി | : | മെമ്പർ |
| 4. | ശ്രീ. ഹവൈസ്,<br>ഡെപ്യൂട്ടി ഡയറക്ടർ,<br>തദ്ദേശ സ്വയംഭരണ വകുപ്പ്(Urban) (പ്രതിനിധി) | : | മെമ്പർ |
| 5. | ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | കൺവീനർ |

**ഐറ്റം നമ്പർ -01**

**2022 ഒക്ടോബർ 19 തീയ്യതിയിലെ സംയോജിത കിലയുടെ ഇരുപത്തിയൊന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**

19.10.2022 തീയ്യതിയിലെ കിലയുടെ ഇരുപത്തിയൊന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.**(അനുബന്ധം-1)**

**തീരുമാനം:**

19.10.2022 തീയ്യതിയിലെ കിലയുടെ ഇരുപത്തിയൊന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ **മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു.**

**ഐറ്റം നമ്പർ -02**

**കിലയുടെ അടിസ്ഥാന സൗകര്യവികസനത്തിലേക്കായി ഭൂമി കില നേരിട്ട് ഏറ്റെടുക്കുന്നതിനായി സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

1. കിലയുടെ അടിസ്ഥാന സൌകര്യ വികസനത്തിനായി കില കാമ്പസിനോടും മെയിൻ റോഡിനോടും ചേർന്ന് കിടക്കുന്ന ഏകദേശം 9.03 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന്റെ നടപടികൾ 2011-12 കാലഘട്ടത്തിൽ ആരംഭിച്ചതാണ്. തുടർ നടപടിയുടെ ഭഗമായി ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൌണ്ടിലേക്ക് 12.84 കോടി രൂപ അടച്ചിട്ടുള്ളതാണ്.എന്നാൽ നടപടി ക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പുതിയ LARR Act 2013 പ്രകാരം ഭൂമി സ്ഥലം ഏറ്റെടുക്കുന്നതിനു 07.09.2017 തീയതിയിലെ സ. ഉ. (സാ ധാ) 2997/2017/തസ്വഭവ ഉത്തരവ് ലഭിച്ചു **(അനുബന്ധം 2)**

2. തുടർന്ന് നാല് വർഷങ്ങൾക്ക് ശേഷം സ്ഥലം ഏറ്റെടുക്കുന്നതിനായി അവസാന ഘട്ടത്തിലെത്തിച്ചേരുകയും തുടർന്ന് 12/11/2021 തീയതിയിലെ ജില്ലാ കളക്ടറുടെ DCTSR/3041/2018-E4 കത്ത് മുഖേന 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് അർത്ഥനാധികാരി ആയിട്ടുള്ള കില ഡയറക്ടർ ജനറൽ ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൌണ്ടിലേക്ക് മുൻ തീയതികളിൽ അടച്ച 12,84,00,000 രൂപ കിഴിച്ച് ബാക്കി തുകയായ 62,74,24,040 രൂപ കാലതാമസം കൂടാതെ അടവാക്കേണ്ടതാണെന്ന അറിയിപ്പ് 12/11/2021 തീയതിയിൽ കിലയിൽ ലഭിച്ചു. **(അനുബന്ധം 3)**

3. ഭൂമി ഏറ്റെടുക്കുന്നതിലേക്കായി അധിക തുകയായി 42.58 കോടി രൂപ അനുവദിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും ടി തുക അനുവദിക്കാനാകില്ലെന്ന് സർക്കാരിൽ നിന്നും മറുപടി ലഭ്യമായിരിക്കുകയാണ്. **(അനുബന്ധം 4)**

4. 07/05/2022 തിയ്യതിയിലെ കേരള ഗസറ്റ് അസാധാരണ വിജ്ഞാപനം വാല്യം 11 ഗസറ്റ് നമ്പർ 1486 പ്രകാരം 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള കാലാവധി 16/05/2022 ൽ നിന്നും 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിരുന്നു. ഇനിയും കാലാവധി നീട്ടി നൽകുവാൻ സാധ്യമല്ല എന്നും തൃശ്ശൂർ ജില്ലാ കളക്ടർ 04/07/2022 തിയ്യതിയിൽ അറിയിച്ചിട്ടുണ്ട്. **(അനുബന്ധം 5)**

ഈ സാഹചര്യത്തിൽ കിലയുടെ അടിസ്ഥാന സൌകര്യവുമായി വികസനത്തിലേക്കുമായി ഭൂമി നേരിട്ട് ഏറ്റെടുക്കുന്നതുമായി ബന്ധപെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു :

I) 12/11/2021 തീയതിയിലെ ജില്ലാ കളക്ടറുടെ DCTSR/3041/2018-E4 കത്ത് പ്രകാരം ലാന്റ് അക്വിസിഷൻ നടപടികളിലൂടെ നിശ്ചയിച്ച ഭൂമി വില അനുസരിച്ച് സെന്റ് ഒന്നിന് ഏകദേശം 8.37 ലക്ഷം രൂപയാണ് കിലക്ക് ചെലവ് വരുന്നത്. ആയതിൽ ഭൂഉടമക്ക് സെന്റ് ഒന്നിന് ഏകദേശം 6.4 ലക്ഷം രൂപയാണ് ലഭ്യമാകുന്നത്..

II) ലാന്റ് അക്വിസിഷൻ നടപടികളിലൂടെ നിശ്ചയിച്ച ഭൂമി വില അനുസരിച്ച് അടിസ്ഥാന വില സെന്റ് ഒന്നിന് 5.66 ലക്ഷം രൂപയാണ്(12% പലിശ , എസ്റ്റാബ്ലിഷ്മെന്റ് ചാർജസ് മുതലായവ കൂടാതെ)

III) പ്രസ്തുത സ്ഥലം ഒരു സെന്റിന് 4 ലക്ഷം രൂപ പ്രകാരം കിലക്ക് വിട്ടുനൽകുന്നതിന് സ്ഥലം ഉടമകളായ ശ്രീമതി. സുഹറ ഹൈഡ്രോസ് മുതൽ പേർ തയ്യാറാണെന്നും ആയതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ കൈകൊള്ളണമെന്നും കാണിച്ചുകൊണ്ട് ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്കും കില ഡയറക്ടർ ജനറലിനും കത്ത് ലഭ്യമായിരിക്കുകയാണ്.**(അനുബന്ധം 6)**

IV) ഭൂവുടമ ആവശ്യപ്പെട്ട പ്രകാരം 4 ലക്ഷം രൂപക്ക് കിലക്ക് ഭൂമി ഏറ്റെടുക്കാൻ സാധിക്കുകയാണെങ്കിൽ സെന്റ് ഒന്നിന് 1.67 ല്ക്ഷം രൂപ പ്രകാരം 9.03 ഏക്കർ സ്ഥലത്തിനു മൊത്തം 15.07 കോടി രൂപ ഭൂമിയുടെ വിലയിൽ കിലക്ക് ലാഭമുണ്ടാകുന്നതാണ്.

V) സ്ഥലം ഏറ്റെടുക്കുന്ന നടപടികൾക്കായി കില ആകെ 35 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽ 12.84 കോടി രൂപ ലാന്റ് അക്വിസിഷൻ ഓഫീസറുടെ അക്കൌണ്ടിലേക്ക് അടച്ചിട്ടുള്ളത് കിഴിച്ച് ബാക്കി 22.16 കോടി രൂപ മാത്രമാണ് ഇപ്പോൾ കിലയുടെ കൈവശം ഉള്ളത്.ആയത് പ്രകാരം സെന്റ് ഒന്നിന് പരമാവധി 3.88 ലക്ഷം രൂപയാണ് കിലക്ക് നൽകുവാൻ സാധിക്കുന്നത്. ലാന്റ് അക്വിസിഷൻ ഓഫീസറുടെ അക്കൌണ്ടിലേക്ക് മുൻകൂറായി അടച്ച 12.84 കോടി രൂപ പൂർണ്ണമായും തിരികെ ലഭിച്ചാൽ മാത്രമെ ഇത് സാധ്യമാകുകയുള്ളൂ.

VI) 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കാനുള്ള കാലാവധി പൂർത്തീകരിച്ച സാഹചര്യത്തിൽ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുവാൻ സാധ്യമല്ല എന്നതിനാൽ സ്ഥലം നേരിട്ട് കില വാങ്ങിക്കേണ്ടി വരും. ആയതിന് സർക്കാരിന്റെ അനുകൂല നടപടി ആവശ്യമായി വരും.

VII) കില വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും ഭൂമി ഏറ്റെടുക്കുന്നതിനായി ആവശ്യമായതിനാൽ രജിസ്ട്രേഷൻ നടപടിയുടെ ഭാഗമായുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വരുന്ന ചെലവ് വഹിക്കുന്നതിനായി കിലക്ക് സാധ്യമല്ലാത്തതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിത്തരുന്നതിനുള്ള അനുകൂല നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമാകേണ്ടതായുണ്ട്.

VIII) കില നാളിതുവരെ ലാന്റ് അക്വിസിഷനുവേണ്ടി ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൌണ്ടിലേക്ക് മുൻ തീയതികളിൽ അടച്ച 12.84 കോടി രൂപ LAAR act പ്രകാരമുള്ള എസ്റ്റാബ്ലിഷ്മെന്റ്, മറ്റ് അനുബന്ധചാർജ്ജുകളും ഒഴിവാക്കി പ്രസ്തുത തുക കിലക്ക് തിരികെ ലഭ്യമാക്കുന്നതിനുള്ള അനുകൂല നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമാണ്.

**LARR Act 2013 പ്രകാരം ഭൂമി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നാളിതുവരെയുള്ള നടപടിക്രമങ്ങളുടെ സംക്ഷിപ്ത വിവരം ചുവടെച്ചേർക്കുന്നു.**

(1) 08.08.2011 തീയതിയിൽ ചേർന്ന കില ജനറൽ കൌൺസിൽ കിലയെ കല്പിത സർവ്വകലാശാല ആക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിലേക്കുമായി ഭൂമി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു.

(2) തുടർ നടപടികളുടെ ഭാഗമായി 19.03.2013 തീയതിയിൽ കൂടിയ ഹൈലെവൽ കമ്മിറ്റി കിലയുടെ അപേക്ഷ പരിഗണിച്ച്1.6188 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം നൽകി. തുടർന്ന് 16.04.2013 തീയതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായി.

(3) ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശത്തെ തുടർന്ന് 3 തവണകളായി 12.84 കോടി രൂപ (3+4.84+5= 12.84 crores) 23/03/2013, 30/03/2014, 09/10/2015 തീയതികളിലായി ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൌണ്ടിലേക്ക് അടച്ചിട്ടുള്ളതാണ്

(4) തുടർ നടപടികളുടെ ഭാഗമായി സർക്കാർ ഉത്തരവ് പ്രകാരം കില കല്പിത സർവ്വകലാശാല ആക്കുന്നതിന് ആവശ്യമായ ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായിട്ടുണ്ട്.

(5) സ്ഥലത്തിന്റെ പൊന്നിൻ വില നിശ്ചയിക്കുന്നതിന് ജില്ലാ കളക്ടറുടെ ചേമ്പറിൽ 24.02.2014 ന് ചേർന്ന ഡി.എൽ സി യോഗത്തിൽ സ്ഥലം ഉടമകളായ ശ്രീമതി. ജയന്തി രഘുനാഥ മല്ലയ്യ സ്ഥലം വിട്ട് തരുവാൻ താല്പര്യം ഇല്ലെന്ന് അറിയിക്കുകയും ചെയ്തു. മറ്റൊരു സ്ഥലം ഉടമയായ ശ്രീമതി. സുഹറ അവരുടെ കുടുംബ സ്വത്തിൽ ബാക്കിയുള്ള ഏകദേശം ആറ് ഏക്കറോളം സ്ഥലം കൂടി കിലക്ക് തരുവാൻ സന്നദ്ധമാണെന്ന് അറിയിക്കുകയുണ്ടായി. തുടർന്ന് ടി സ്ഥലം കൂടി ഏറ്റെടുക്കുന്നതിലേക്കാവശ്യമായ അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി.

(6) മേൽ അപേക്ഷ പ്രകാരം 26.2.2016 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) No.1512/16/RD പ്രകാരം കിലയുടെ വികസനത്തിനായി 3.6635 ഹെക്ടർ സ്ഥലം (ഏകദേശം ) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി ലഭിച്ചു. എന്നാൽ പുതിയ LARR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് റിക്വിസിഷൻ സമർപ്പിക്കേണ്ടതാണെന്നും, ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുന്നതാണെന്നും, ആയതുകൊണ്ട് ഡയറക്ട് പർച്ചേസിലൂടെ ഭൂമി ഏറ്റെടുക്കുന്നതിനായി 25/01/2017 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) No.217/2017/LSGD പ്രകാരം അനുമതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 23/02/2017 ന് തൃശ്ശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡയറക്ട് പർച്ചേസിലൂടെ ഭൂമി ഏറ്റെടുക്കുന്നതിനായി ചേർന്ന യോഗത്തിൽ ഭൂവുടമകളും കില പ്രതിനിധികളും പങ്കെടുക്കുകയും സർക്കാർ നിശ്ചയിച്ച് നൽകിയ സെന്റ് ഒന്നിന് 3 ലക്ഷം രൂപ നിരക്കിൽ സ്ഥലം വിട്ടുതരാൻ തയ്യാറല്ല എന്ന് ഭൂവുടമകൾ അറിയിച്ചു.

(7) മേൽ വിഷയം 29/03/2017 ലെ കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുകയും പുതുക്കിയ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ LARR ACT 2013 (Land Acquisition Rehabilitation and Resettlement Act 2013) പ്രകാരം കില്ലന്നൂര് വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 538/IP, 539/IP, 540/IP, 543/IP, & 539/3 ഉൾപ്പെട്ട 3.6635 ഹെക്ടർ സ്ഥലം (ഏകദേശം) ഭൂമി ഏറ്റെടുക്കുന്നതിനു അനുമതി നൽകിക്കൊണ്ട് 07.09.2017 തീയതിയിലെ സ. ഉ. (സാ ധാ) 2997/2017/തസ്വഭവ ഉത്തരവ് ലഭ്യമായി.

(8) തുടർ നടപടികളുടെ ഭാഗമായി തൃശ്ശൂർ ജില്ലാ കലക്ടറുടെ ഉത്തരവ് നമ്പർ ഇ4-43617/2017 പ്രകാരം കില ഡയറക്ടർ അർത്ഥനാധികാരി ആയിട്ടുള്ള കില വികസനത്തിന് 3.6635 ഹെക്ടർ സ്ഥലം (ഏകദേശം)ഏറ്റെടുക്കുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസർ ആയി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ , തൃശ്ശൂർ എന്നിവരെ നിയോഗിച്ച ഉത്തരവായിട്ടുണ്ട്.

(9) തുടർന്ന് നാല് വർഷങ്ങൾക്ക് ശേഷം സ്ഥലം ഏറ്റെടുക്കുന്നതിനായി അവസാന ഘട്ടത്തിലെത്തിച്ചേരുകയും തുടർന്ന് 12/11/2021 തീയതിയിലെ ജില്ലാ കളക്ടറുടെ

DCTSR/3041/2018-E4 കത്ത് മുഖേന 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് അർത്ഥനാധികാരി ആയിട്ടുള്ള കില ഡയറക്ടർ ജനറൽ ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് മുൻ തീയതികളിൽ അടച്ച 12,84,00,000 രൂപ കിഴിച്ച് ബാക്കി തുകയായ 62,74,24,040 രൂപ കാലതാമസം കൂടാതെ അടക്കേണ്ടതാണെന്ന് അറിയിപ്പ് 12/11/2021 തീയതിയിൽ കിലയിൽ ലഭിച്ചു. ടി അറിയിപ്പ് പ്രകാരം അടക്കേണ്ട തുക സംബന്ധിച്ച വിശദാംശം ചുവടെച്ചേർക്കുന്നു.

| Estimated Amount of Compensation | | | |
|---|---|---|---|
| Items | | | Amount (in Rupees) |
| Land Value- Amount of Estimated Compensation | | | 21,28,13,135.72 |
| Multiplication Factor | | | 1.20 |
| Multiple Amount (1.2*212813135.72) | | | 25,53,75,762.86 |
| Structure Value- Amount of estimated Compensation | | | 0.00 |
| Tree Value | | | 2,93,586 |
| Total | | | 25,56,69,348.86 |
| Solatium @100% | | | 25,56,69,348.86 |
| 12% interest on land value for the period from 30/7/2019 to 28.02.2022 (945 days) | | | 6,61,17,834.49 |
| **Total Cost of Land** | | | **578056530.50** |
| **Total Cost of Land per cent (903)** | | | **640151** |
| Amount Paid towards SIA study | | | 1,00,422.00 |
| Amount towards Rehabilitation and resettlement | | | 0.00 |
| Total Compensation | | | 57,75,56,954.22 |
| Establishment Charge @30% of Total Compensation =(573428962.44*30/100) | | | 17,32,67,086.27 |
| Contingency Charge@5% of total compensation ((573428962.44*5/100)=Rs.28671448/-)) Subject to mxm amount of Rs. 5000000 | | | 50,00,000.00 |
| Grant Total of estimated compensation | | | 75,58,24,040.49 |
| **Total Cost of Land per cent (903)** | | | **837014.44** |
| Leass amount already deposited by the requisitioning authority | Towards Compensation | 12,84,00,000.000 | 12,84,00,000.000 |
| | For establishment Charges | 0.00 | |
| | Under contingency charges | 0.00 | |
| Balance amount to be deposited by the requisitioning authority | | | 62,74,24,040.49 |
| Rounded to Rupees | | | 62,74,24,040 |

2022 ഒക്ടോബർ 20 ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് & എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം. ബി.രാജേഷ് അവർകളുടെ അദ്ധ്യക്ഷതയിൽ, ചേർന്ന കിലയുടെ പത്താമത് ഗവേണിംഗ് കൌൺസിൽ യോഗത്തിൽ കിലയോട് ചേർന്ന് കിടക്കുന്ന ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കുന്നതിനായും മറ്റ് ധനസ്രോതസ്സുകളെ ആശ്രയിക്കുന്നത് സംബന്ധിച്ചും തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്.

**<u>തീരുമാനങ്ങൾ ആവശ്യമായവ:</u>**

1. കിലയുടെ പക്കൽ ലഭ്യമായ തുക (ഇതിനകം ലാന്റ് അക്വിസിഷൻ ഓഫീസറുടെ അക്കൌണ്ടിലേക്ക് അടച്ച തുക അടക്കം) ഉപയോഗിച്ച് വസ്തു നേരിട്ട് വാങ്ങിക്കാൻ തീരുമാനിക്കുകയും സർക്കാരിലേക്ക് അനുമതിക്കായി അപേക്ഷിക്കുകയും ചെയ്യുക.
2. രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുന്നതിനായി സർക്കാരിലേക്ക് അനുമതി തേടുക.

3. ലാന്റ് അക്വിസിഷനുവേണ്ടി ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് അടച്ച 12.84 കോടി രൂപ LAAR act പ്രകാരമുള്ള എസ്റ്റാബ്ലിഷ്മെന്റ്, മറ്റ് അനുബന്ധചാർജ്ജുകളും ഒഴിവാക്കി പ്രസ്തുത തുക കിലക്ക് തിരികെ ലഭിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ നൽകുക

4. ഇവ പൂർത്തീകരിക്കുന്ന മുറക്ക് വസ്തു വാങ്ങുന്നതിനുള്ള നപടപടിയെടുക്കാൻ തീരുമാനിക്കുകയും ചുമതലപ്പെടുത്തുകയും ചെയ്യുക.

**കിലയുടെ അടിസ്ഥാന സൗകര്യവികസനത്തിലേക്കായി ഭൂമി കില നേരിട്ട് ഏറ്റെടുക്കുന്നതിനായി മേൽ തീരുമാനങ്ങൾ സംബന്ധിച്ച് സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമാക്കുന്നതിനായുള്ള തീരുമാനത്തിനും തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു**

**തീരുമാനം**

കില ഭൂമി നേരിട്ട് വാങ്ങുന്നത് സംബന്ധിച്ച് കില എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. കില നേരിട്ട് ഭൂമി വാങ്ങുകയാണെങ്കിൽ സെന്റ് ഒന്നിന് 1.67 ലക്ഷം രൂപ പ്രകാരം 9.03 ഏക്കർ സ്ഥലത്തിനു മൊത്തം 15.07 കോടി രൂപ ഭൂമിയുടെ വിലയിൽ കിലക്ക് ലാഭമുണ്ടാകും എന്ന് വിലയിരുത്തിക്കൊണ്ടും കിലയുടെ ഭാവിവികസനത്തിനായി ഭൂമി വാങ്ങേണ്ടത് അത്യന്താപേക്ഷിതമായതിനാലും 12/11/2021 തീയതിയിലെ ജില്ലാ കളക്ടറുടെ DCTSR/3041/2018-E4 കത്ത് പ്രകാരം ലാന്റ് അക്വിസിഷൻ നടപടികളിലൂടെ നിശ്ചയിച്ച ഭൂമി വിലയേക്കാളും കുറഞ്ഞ നിരക്കിന് ഭൂവുടമ സ്ഥലം കിലയ്ക്ക് നൽകുവാൻ തയ്യാറായതിനാലും ഭൂമി ഏറ്റെടുക്കുന്നതിലേക്കായി വകയിരുത്തിയിട്ടുള്ള തുക ഈ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതിനാലും കില ഭൂമി ഏറ്റെടുക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക (ഇതിനകം ലാന്റ് അക്വിസിഷൻ ഓഫീസറുടെ അക്കൗണ്ടിലേക്ക് അടച്ച തുക അടക്കം) ഉപയോഗിച്ച് വസ്തു നേരിട്ട് വാങ്ങിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുകയും അനുമതിക്കായി സർക്കാരിലേക്ക് വിശദമായ അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. തുടർനടപടി കൈക്കൊള്ളുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

2. കില കാമ്പസിനോടും മെയിൻ റോഡിനോടും ചേർന്ന് കിടക്കുന്ന തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിലെ കിള്ളന്നൂർ വില്ലേജിൽ സർവ്വേ നം. 538/1 539/1 540/1 543/1 എന്നിവയിൽ ഉൾപ്പെടുന്ന 3.6532 ഹെക്ടർ ഭൂമി 12/11/2021 തീയതിയിലെ ജില്ലാ കളക്ടറുടെ DCTSR/3041/2018-E4 കത്ത് മുഖേന നിജപ്പെടുത്തിയ അടിസ്ഥാന ഭൂമി വില സെന്റിന് 5.66 ലക്ഷം രൂപക്ക് (12% പലിശ , എസ്റ്റാബ്ലിഷ്മെന്റ് ചാർജസ് മുതലായവ കൂടാതെ) പകരം ഭൂവുടമ അംഗീകരിച്ച സെന്റിന് 4 ലക്ഷം രൂപ പ്രകാരം കില നേരിട്ട് വാങ്ങുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ അഭിപ്രായം ആരായുന്നതിനും പ്രസ്തുത അഭിപ്രായം എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സണെ അറിയിക്കുന്നതിനുമായി എക്സിക്യൂട്ടീവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.ഇതിന്റെ അടിസ്ഥാനത്തിലാവണം തുടർനടപടികൾ.

3. രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി നൽകാൻ സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിച്ചു. തുടർനടപടി

കൈക്കൊള്ളുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി

4. ലാന്റ് അക്വിസിഷനുവേണ്ടി ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൌണ്ടിലേക്ക് അടച്ച 12.84 കോടി രൂപ LAAR act പ്രകാരമുള്ള എസ്റ്റാബ്ലിഷ്മെന്റ്, മറ്റ് അനുബന്ധചാർജ്ജുകളും ഒഴിവാക്കി പ്രസ്തുത തുക കിലക്ക് തിരികെ ലഭിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിച്ചു. തുടർ നടപടി കൈക്കൊള്ളുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

മേൽ തീരുമാനങ്ങൾക്ക് അനുസൃതമായി ഭൂമി വാങ്ങുന്നതിനുള്ള തുടർ നടപടി കൈക്കൊള്ളുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

**അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ**

യോഗം **വൈകിട്ട് 4.45 ന് അവസാനിച്ചു.**

Saaaday

**ചെയർപേഴ്സൺ, എക്സിക്യൂട്ടീവ് കമ്മിറ്റി**